**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3458** **05-08-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. പ്രാദേശിക വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന ഉത്തരവിലെ ഖണ്ഡിക 5.1 പദ്ധതി പ്രകാരം നടപ്പിലാക്കിയ 10% പ്രവൃത്തികളെങ്കിലും വകുപ്പ് തലവനോ/വകുപ്പ് തലവൻ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പരിശോധിക്കേണ്ടതാണ്. നിർവ്വഹണ വകുപ്പിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നല്കേണ്ടതാണ്. ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ഉണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കായി ഓരോ വർഷവും 1 കോടി രൂപ വീതം മൂന്ന് ഗഡുക്കളായി 4250-00-800-99 - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (പ്ലാൻ) എന്ന ശീർഷകത്തിൻ കീഴിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നല്കാറാണുള്ളത്. ഇപ്രകാരം അനുവദിച്ച് നല്കുന്ന തുക പ്രസ്തുത ശീർഷകത്തിൽ നിന്നും പിൻവലിച്ച് ജില്ലാ കളക്ടർമാരുടെ ടി.എസ്.ബി അക്കൗണ്ടിൽ പാർക്ക് ചെയ്യിട്ടുവാൻ പാടില്ല. ആവശ്യാനുസരണം ബില്ലുകൾക്ക് അനുസൃതമായി മാത്രമേ തുക പിൻവലിക്കുവാൻ പാടുള്ളൂ. |

സെക്ഷൻ ഓഫീസർ